(ബി) തീരുമാനിച്ചിട്ടുണ്ട്.

(സി) ലോക ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കി വരുന്ന കെ. എസ്. ടി. പി. യുടെ ഭാഗമായി 'പെർഫോർമൻസ് ബേസ്ഡ് മെയിന്റനൻസ്' എന്ന സമ്പ്രദായം പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കാനുള്ള നടപടികളും നടന്നുവരുന്നു. ഇതിലേക്കായുള്ള ടെൻഡർ ഡോക്യുമെന്റിന്റെ തയ്യാറാക്കൽ പ്രവർത്തനങ്ങളും അവസാന ഘട്ടത്തിലാണ്. വിവിധ ശ്രേഡിലുള്ള റോഡുകൾക്കാവശ്യമായ കുറഞ്ഞ നിലവാരം നിശ്ചയിച്ച് ഒരു പ്രത്യേക കാലയളവിൽ റോഡുകളുടെ ഈ യോഗ്യത നിലനിർത്താനായി കോൺട്രാക്ട് കൊടുക്കുന്ന രീതിയാണ് പെർഫോർമൻസ് ബേസ്ഡ് മെയിന്റനൻസ്. ഈ കോൺട്രാക്ടിനോടനുബന്ധിച്ച് റോഡുകളുടെ കുറഞ്ഞ നിലവാരം നിലനിർത്താനായി റോഡുകളിൽ വരുന്ന കുഴികളും മറ്റും നികത്തുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. ഈ കാലയളവിൽ കോൺട്രാക്ടർ റോഡുകളുടെ അറ്റകുറ്റപ്പണി നടത്തേണ്ടതാണ്. റോഡുകളുടെ നിലവാരം മോശമായ ശേഷം അതിന്റെ അറ്റകുറ്റപണികളും നടത്തുന്നതിനുപകരം പ്രിവന്റീവ് മെയിന്റനൻസിലൂടെ റോഡുകളുടെ നിലവാരം നിലനിർത്തുകയാണ് പെർഫോർമൻസ് ബേസ്ഡ് മെയിന്റനൻസിന്റെ ഉദ്ദേശ ലക്ഷ്യം. ഇതുവഴി മെയിന്റനൻസിന്റെ മികവ് നിലനിർത്തുകയും, ചെലവ് കുറയ്ക്കുകയും, മേൽനോട്ടത്തിന് വേണ്ടി വരുന്ന മാനവശേഷി കുറയ്ക്കുകയുമാണ് ഉദ്ദേശ്യം.

ഐ. ടി: അറ് സ്കൂൾ പ്രായോഗിക പരീക്ഷയിലെ ക്രമക്കേടുകൾ

*7 [340] ശ്രീ. ടി. എം. ജേക്കബ്:
,, ഷിബു ബേബി ജോൺ:
,, ജോണി നെല്ലൂർ:
,, ആർ. ബാലകൃഷ്ണപ്പിള്ള:
,, കെ. ബി. ഗണേഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. അറ് സ്കൂൾ പ്രായോഗിക പരീക്ഷയിൽ ഒട്ടേറെ ക്രമക്കേടുകൾ നടന്നതായി മാദ്ധ്യമങ്ങളിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1995-ലെ പകർപ്പവകാശ നിയമപ്രകാരം ലൈസൻസ് ഇല്ലാത്ത വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റവും ഓഫീസ് പാക്കേജുകളും സ്കൂളുകളിൽ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇങ്ങനെ ദുരുപയോഗം നടത്തിയ ആർക്കെങ്കിലുമെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഉണ്ട്. എന്നാൽ ക്രമക്കേടുകൾ നടന്നു എന്ന വാർത്ത ശരിയല്ല. ആദ്യമായി നടത്തപ്പെട്ട ഇത്തരമൊരു പരീക്ഷയിൽ സോഫ്റ്റ്വെയർ/ഹാർഡ് വെയർ പ്രവർത്തിക്കാത്തതുമൂലം ഉണ്ടായ ആശയക്കുഴപ്പം മാത്രമാണുണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി ആൻഡ് ഡി) ഉദിക്കുന്നില്ല.

ആദിവാസി വൈദ്യൻമാരുടെ മരുന്നിനും ചികിത്സയ്ക്കും പേറ്റന്റ് നേടാൻ നടപടി

*8 [341] ശ്രീ. വി. ജെ. പൗലോസ്:
,, പി. ടി. തോമസ്:
പ്രൊഫസർ സാവിത്രി ലക്ഷ്മണൻ:
ശ്രീ. ബി. വിജയകുമാർ:
,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി വൈദ്യൻമാരുടെ മരുന്നിനും ചികിൽസയ്ക്കും പേറ്റന്റ് നേടാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും, സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ ആൻഡ് ബി) ആദിവാസി വൈദ്യൻമാരുടെ മരുന്നിന്റെ ശാസ്ത്രീയത മനസ്സിലാക്കാൻ വേണ്ടി തിരുവനന്തപുരത്തെ റീജിയണൽ റിസർച്ച് ലബോറട്ടറി, ശ്രീചിത്ര മെഡിക്കൽ സെന്റർ, കിർത്താഡ്സ് എന്നീ സ്ഥാപനങ്ങളും ചേർന്ന് സംയുക്തമായി നടപടികളും എടുത്തിട്ടുണ്ട്. ആദിവാസി വൈദ്യൻമാർ നൽകി വരുന്ന മരുന്നുകളും പരീക്ഷണശാലയിൽ ശാസ്ത്രീയമായി പരിശോധിച്ചതിൽ നിന്നും അനുകൂല ഫലമാണ് ലഭിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ചില മരുന്നുകൾക്ക് പേറ്റന്റ് നേടാൻ ശ്രമിച്ചുവരുന്നു.

പുനരധിവസിപ്പിക്കപ്പെട്ട ആദിവാസികളുടെ ക്ഷേമം

*9 [342] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. പിരപ്പൻകോട് മുരളി:
,, കെ. രാധാകൃഷ്ണൻ:
,, രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള ട്രൈബൽ മിഷന്റെ പ്രവർത്തനങ്ങളെ ട്രഷറി നിയന്ത്രണം ബാധിച്ചിട്ടുണ്ടോ; എങ്കിൽ ട്രഷറി നിയന്ത്രണം ഏതെല്ലാം പ്രവർത്തനങ്ങളെയാണ് ബാധിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly